**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3864** — **15.05.2017-ൽ മറുപടിയ്ക്ക്**

## തിരുവനന്തപുരത്തെ ഹൗസിങ് ബോർഡ് കെട്ടിട സമുച്ചയത്തിലെ അസൗകര്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. സ്വരാജ് | ശ്രീ.ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരത്തെ ഹൗസിങ് ബോർഡ് ആസ്ഥാനത്തിന് എതിരെയുള്ള ഹൗസിങ് ബോർഡിന്റെ കെട്ടിട സമുച്ചയത്തിൽ ഏതെല്ലാം ഓഫീസുകളും വ്യാപാര സ്ഥാപനങ്ങളും പ്രവർത്തിച്ചുവരുന്നു എന്ന് അറിയിക്കുമോ ; | (എ) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, പ്രവേശന പരീക്ഷാ കമ്മീഷണറേറ്റ്, ഡയറക്ടറേറ്റ് ഓഫ് ഹയർ സെക്കന്ററി എഡ്യൂക്കേഷൻ, സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ്, ഡിസ്ട്രിക്ട് ഇൻഷ്വറൻസ് ഓഫീസ്, ഡയറക്ടറേറ്റ് ഓഫ് വൊക്കേഷണൽ ഹയർ സെക്കന്ററി എഡ്യൂക്കേഷൻ, പി & ഇ എംപ്ലോയ്മെന്റ് ഓഫീസ്, സിഡ്കോ, റീജിയണൽ ടൗൺ പ്ലാനിംഗ് ഓഫീസ്, കേരള സ്റ്റേറ്റ് ഹൗസിംഗ് ഫിനാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ, ഹൗസിംഗ് കമ്മീഷണർ ഓഫീസ് എന്നീ ഓഫീസുകളും, ശ്രീ.സൂസാധിമ, ശ്രീ.അരുൺ കുമാർ ഝാ, ശ്രീ.സി.എം.വർഗ്ഗീസ്, ശ്രീ.സോമൻ ജേക്കബ്, ശ്രീ.മുരുകൻ, ശ്രീ.ജറാൾഡ്, ശ്രീ.ഷൈജു, ശ്രീമതി.മോളി മാനുവൽ, ശ്രീ.എം.പി.ശ്രീകുമാർ എന്നിവർ നടത്തുന്ന വ്യാപാര സ്ഥാപനങ്ങളും പ്രവർത്തിച്ചു വരുന്നു. |
| (ബി) ഈ കെട്ടിടത്തിൽ അനേകം ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും, അവിടെയുള്ള ജീവനക്കാരുടെയും ഓഫീസിലേയും വാഹനങ്ങൾക്ക് ആവശ്യമായ പാർക്കിങ് സൗകര്യം പോലും ഒരുക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഓഫീസിലെ വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. ജീവനക്കാരുടെ ഇരുചക്ര വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും നാല് ചക്ര വാഹന ങ്ങൾക്ക് കൂടി പാർക്കിംഗ് സൗകര്യം ഒരുക്കുന്നതിന് സ്ഥലപരിമിതി മൂലം സാധിക്കുന്നില്ല. |
| (സി) പാർക്കിങ്ങിനായി സൂചിപ്പിച്ചിട്ടുള്ള സ്ഥല ങ്ങൾ വ്യാപാരസ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ; | (സി) ഷട്ടറുള്ള 7 കാർ ഷെഡുകൾ വാടകയ്ക്ക് നൽകാൻ ലഭ്യമാണെങ്കിലും സിഡ്കോ മാത്രമേ ഒരു കാർഷെഡ് വാടകയ്ക്കെടുത്ത് വാടക ലഭ്യമാക്കി വരുന്നുള്ളൂ. മറ്റ് കാർ ഷെഡുകൾ വാടകയ്ക്കെടുത്ത് കാർ ഷെഡായി ഉപയോഗിക്കാൻ ആരും മുന്നോട്ട് വരാത്ത സാഹചര്യത്തിൽ ഈ കാർ ഷെഡുകൾ വ്യാപാരികൾ വാടകയ്ക്കെടുത്ത് ഗോഡൗണായും |

| | | | |
|---|---|---|---|
| | | | ഓഫീസായും ഉപയോഗിച്ചു വരുന്നു. ഒരു കാർ ഷെഡിൽ ബോർഡിന്റെ പഴയ റിക്കാർഡുകൾ സൂക്ഷിച്ചിരിക്കുന്നു. |
| (ഡി) | സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് നൂറുകണക്കിന് ആളുകൾ ദിനംപ്രതി വന്നു പോകുന്ന എൻട്രൻസ് കമ്മീഷണറുടെ ഓഫീസ്, ഹയർ സെക്കന്ററി ഡയറക്ടറേറ്റ്, വൊക്കേഷണൽ ഹയർ സെക്കന്ററി ഓഫീസ് തുടങ്ങിയ നിരവധി പ്രധാന ഓഫീസുകൾ സ്ഥിതിചെയ്യുന്ന ഈ കെട്ടിടത്തിൽ പൊതുശൗചാലയങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഈ കെട്ടിടത്തിൽ എല്ലാ ഫ്ലോറുകളിലും ശൗചാലയങ്ങൾ ലഭ്യമാണ്. ഇവ ഓഫീസുകൾ സന്ദർശിക്കുന്നവരും ഉപയോഗിച്ചു വരുന്നുണ്ട്. |
| (ഇ) | ഇവിടെയുള്ള ശൗചാലയങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഈ കെട്ടിടത്തിലെ കുടിവെള്ള ടാങ്കുകൾ യഥാസമയം വൃത്തിയാക്കാത്തതിനാൽ മലിനമായ ജലമാണ് വിതരണം നടത്തുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) | ഹൗസിംഗ് ബോർഡ് കെട്ടിട സമുച്ചയത്തിലെ ശൗചാലയങ്ങൾ ദിവസവും രണ്ട് നേരം ക്ലീനിംഗ് മെറ്റീരിയൽസ് ഉപയോഗിച്ച് വൃത്തിയാക്കുന്നുണ്ട്. സമയാസമയങ്ങളിലുള്ള പരാതികൾ യഥാസമയം പരിഹരിച്ചു വരുന്നുണ്ട്. എന്നാൽ പൊതുസ്ഥലങ്ങൾ/ പൊതു ശൗചാലയങ്ങൾ വൃത്തിയായി സൂക്ഷിക്കുന്നതിൽ പൊതുജനങ്ങൾക്കുള്ള ഉദാസീനത, പ്ലാസ്റ്റിക് വസ്തുക്കളുടെ നിക്ഷേപം എന്നിവയാണ് ശൗചാലയങ്ങളുടെ ശോചനീയാവസ്ഥയ്ക്കു കാരണം. കുടിവെള്ള ടാങ്കുകൾ സമയാസമയം വൃത്തിയാക്കാറുണ്ട്. അവസാനമായി 02/2017-ൽ ഓവർ ഹെഡ് വാട്ടർ ടാങ്ക്, സമ്പ് എന്നിവ പൂർണ്ണമായും വെള്ളം വറ്റിച്ച് വൃത്തിയാക്കിയിരുന്നു. കഴിഞ്ഞ മാസം കേരളാ വാട്ടർ അതോറിറ്റിയിലെ വാട്ടർ ലൈനിലുണ്ടായ ചോർച്ച മൂലം മലിനജലം കലർന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നു. ടി വിവരം വാട്ടർ അതോറിറ്റിയെ അറിയിച്ച് പുതിയ വാട്ടർ ലൈൻ വഴി ജലം എത്തിക്കുകയും വാട്ടർ ടാങ്കുകൾ ഉടനെ വീണ്ടും വൃത്തിയാക്കുകയും ഉണ്ടായി. |
| (എഫ്) | ഈ കെട്ടിടത്തിന് സമീപം പ്ലാസ്റ്റിക്ക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ കൂട്ടിയിട്ട് കത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുന്ന ഈ നടപടി ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എഫ്) | മാലിന്യങ്ങൾ ഓഫീസ് സമയത്തിനുശേഷം രാത്രി കാലങ്ങളിൽ കത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ഒഴിവാക്കുന്നതിന് ശുചിത്വമിഷന്റെ ഗ്രീൻപ്രോട്ടോക്കോൾ പ്രകാരമുള്ള ചവർ സംസ്കരണത്തിന് നടപടി കൈക്കൊണ്ട് വരുന്നു. |
| (ജി) | മേൽപ്പറഞ്ഞ ന്യൂനതകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ആലോചിക്കുന്നതെന്ന് അറിയിക്കുമോ; സമയബന്ധിതമായി ഇവ പരിഹരിക്കുമോ; എന്നത്തേക്ക് ഇവ പരിഹരിക്കുമെന്ന് അറിയിക്കുമോ? | (ജി) | ന്യൂനതകൾ പരിഹരിക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിച്ചു വരുന്നു.<br>**ശൗചാലയങ്ങൾ:-** ആവശ്യമായ അറ്റകുറ്റപ്പണികൾ സമയാസമയങ്ങളിൽ നടപ്പിലാക്കും. ദിവസവും രണ്ട് നേരം കഴുകി വൃത്തിയാക്കുന്നതു കൂടാതെ ആവശ്യമെങ്കിൽ കൂടുതൽ തവണ കഴുകി വൃത്തിയാക്കുന്നതാണ്. |

**ചവർ സംസ്കരണം:-** ശുചിത്വ മിഷന്റെ നിർദ്ദേശാനുസരണമുള്ള നടപടികൾ മറ്റ് ഓഫീസുകളുടെ സഹകരണത്തോടെ നടപ്പിലാക്കും. നിലവിലെ ബയോഗ്യാസ് പ്ലാന്റ് അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തനക്ഷമ മാക്കുന്നതിന് കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

**വാട്ടർ ടാങ്കുകൾ:-** സമയാസമയങ്ങളിൽ വൃത്തിയാക്കി വരുന്നു.

സെക്ഷൻ ഓഫീസർ